## പതിനാലാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**1443** — 31.10.2019 -ൽ മറുപടിയ്ക്ക്

**പത്തനാപുരം മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ ശോചനീയാവസ്ഥ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.കെ.ബി.ഗണേഷ് കുമാർ : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) പത്തനാപുരം നിയോജക മണ്ഡലത്തിലെ വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ സംബന്ധിച്ച് എം.എൽ.എ.യുടെ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിനും പുനർനിർമ്മിതിക്കും നടപടികളായിട്ടുണ്ടോയെന്നും വിശദമാക്കുമോ; | (ബി) വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിനും പുനർ നിർമ്മിതിക്കുമായി അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളിലുൾപ്പെടുത്തി മെയിന്റനൻസ്, ചുറ്റുമതിൽ നിർമ്മാണം, അഡീഷണൽ റൂം നിർമ്മാണം എന്നിവയും സ്മാർട്ട് വില്ലേജാഫീസുകളുടെ നിർമ്മാണം എന്നീ പ്രവൃത്തികളും ചെയ്തു വരുന്നു. കൂടാതെ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി വിളക്കുടി, ചക്കുവരയ്ക്കൽ എന്നീ വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നവീകരണത്തിനായി ശുപാർശ സമർപ്പിച്ചിട്ടുമുണ്ട്. |
| (സി) എങ്കിൽ, പത്തനാപുരം നിയോജകമണ്ഡലത്തിലെ ഏതൊക്കെ വില്ലേജ് ഓഫീസ് കെട്ടിടങ്ങൾക്ക് എന്തെല്ലാം പ്രവൃത്തികൾക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) I. സ്മാർട്ട് വില്ലേജാഫീസ് നിർമ്മാണം<br>തലവൂർ- 44 ലക്ഷം<br>പുന്നല – 44 ലക്ഷം<br>II. വില്ലേജാഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം<br>പട്ടാഴി വടക്കേക്കര – ചുറ്റുമതിൽ - 5 ലക്ഷം<br>വിളക്കുടി - ചുറ്റുമതിൽ - 5 ലക്ഷം<br>പിടവൂർ - ചുറ്റുമതിൽ - 5 ലക്ഷം<br>പട്ടാഴി - അഡീഷണൽ റൂം - 10 ലക്ഷം<br><br>2019-20 സാമ്പത്തിക വർഷത്തെ വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിലുൾപ്പെടുത്തി പട്ടാഴി, പിറവന്തൂർ എന്നീ വില്ലേജുകൾക്ക് യഥാക്രമം അറ്റകുറ്റപ്പണി, ചുറ്റുമതിൽ നിർമ്മാണം എന്നീ പ്രവൃത്തികൾക്കുള്ള ഭരണാനുമതി നൽകിയിട്ടുള്ളതും എസ്റ്റിമേറ്റ് എടുക്കുന്നതിന് പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സ്-ന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ നിന്നും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |

| | | |
|---|---|---|
| (ഡി) | പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ? | (ഡി) തലവൂർ വില്ലേജാഫീസ് - ഫൗണ്ടേഷൻ പൂർത്തിയായി<br>പുന്നല - ഭരണാനുമതി നൽകിയിട്ടുണ്ട്<br>വിളക്കുടി വില്ലേജിന് റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ചക്കുവരയ്ക്കൽ വില്ലേജിനും പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ശുപാർശ ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്.<br><u>അടിസ്ഥാന സൗകര്യ വികസനം</u><br>പട്ടാഴി വടക്കേക്കര - പൂർത്തിയായി<br>വിളക്കുടി - പൂർത്തിയായി<br>പിടവൂർ - ഒരു വശം പൂർത്തിയായി. മരം മുറിച്ച് മാറ്റുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>പട്ടാഴി 80% പ്രവൃത്തി പൂർത്തിയായി. |

**സെക്ഷൻ ഓഫീസർ**